Draft #3 of File 18046/AcAIV/3/MHRM-IV Sem-Project-offline/2020 Approved by ASSISTANT REGISTRAR II (ACADEMIC) on 22-Jul-2020 05:10 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന എം.എച്ച്.ആർ.എം കോഴ്സ് -2019 പ്രവേശനബാച്ച് രണ്ടാം സെമസ്റ്റർ ഇന്റേൺഷിപ്പ് , 2018 പ്രവേശനബാച്ച് നാലാം സെമസ്റ്റർ പ്രോജെക്റ്റ് എന്നിവ ഓൺലൈനായി ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 3361/AC A 4/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 24.07.2020

---

*പരാമർശം:*-1.21/05/2020, 02/07/2020 തിയതികളിൽ പ്രിൻസിപ്പൽ,എം.എ കോളേജ്,രാമപുരം അയച്ച കത്തുകൾ

2.എം.എച്ച്.ആർ.എം. വിദഗ്ധസമിതി കൺവീനർ 19/6/2020 -ൽ അയച്ച ഇ-മെയിൽ സന്ദേശം

**ഉത്തരവ്**

എം.എച്ച്.ആർ.എം.കോഴ്സിന്റെ നിലവിലെ റെഗുലേഷൻ പ്രകാരം വിദ്യാർത്ഥികൾ വിവിധ കമ്പനികൾ സന്ദർശിച്ചുചെയ്യേണ്ടുന്ന രണ്ടാം സെമസ്റ്റർ ഇന്റേൺഷിപ്പ്, നാലാം സെമസ്റ്റർ പ്രോജെക്റ്റ് എന്നിവ , റെഗുലേഷനിൽ വിഭാവനം ചെയ്തിരിക്കുംവിധം സ്ഥാപനങ്ങൾ സന്ദർശിച്ചു ചെയ്യാൻ കോവിഡ് 19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സാധിക്കാത്തതിനാൽ ബന്ധപ്പെട്ട ഫാക്കൽറ്റി ഗൈഡിന്റെ മാർഗനിർദ്ദേശങ്ങൾതേടി ഡാറ്റ ശേഖരിച്ച് ഓൺലൈൻ മാർഗ്ഗത്തിലൂടെ ചെയ്യുന്നതിനും, അതത് കോളേജ് പ്രിൻസിപ്പലിന് ആയത് സംബന്ധമായ സാക്ഷ്യപത്രം നൽകുന്നതിനുമുള്ള അനുവാദത്തിനായി സൂചന (1) പ്രകാരം സർവ്വകലാശാലയിൽ അപേക്ഷ ലഭ്യമാക്കിയിരുന്നു. എം.എച്ച്.ആർ.എം കോഴ്സിന്റെ വിദഗ്ധസമിതി കൺവീനർ ടി വിഷയം പരിശോധിച്ച് സൂചന (2) പ്രകാരം സമാന സാഹചര്യത്തിൽ എം ബി എ കോഴ്സ് വിദ്യാർത്ഥികൾക്ക് ഓൺലൈനായി ഇന്റേൺഷിപ്പും പ്രോജക്ടും ചെയ്യാൻ അനുമതി നൽകിയത് സൂചിപ്പിക്കുകയും നാലാം സെമസ്റ്റർ എം എച് ആർ എം വിദ്യാർത്ഥികൾക്കും ഓൺലൈനായി ഈ വർഷം പ്രോജക്റ്റ് ചെയ്യാവുന്നതാണെന്നും ഇത് സംബന്ധമായ സാക്ഷ്യപത്രം നല്കാൻ അതതു പ്രിൻസിപ്പൽമാർക്കു അനുമതി നൽകാവുന്നതാണെന്നും ശുപാർശ ചെയ്യുകയുണ്ടായി

പ്രസ്തുത ശുപാർശകൾ പരിഗണിച്ച് വൈസ് ചാൻസിലർ, കോവിഡ് 19 മൂലമുള്ള നിലവിലെ നിയന്ത്രിത സാഹചര്യത്തിൽ എം.എച്ച്.ആർ.എം കോഴ്സിന്റെ 2020 ലെ രണ്ടാം സെമസ്റ്റർ ഇന്റേൺഷിപ്പ് (2019 പ്രവേശന ബാച്ച് വിദ്യാർത്ഥികൾക്ക്), നാലാം സെമസ്റ്റർ പ്രോജെക്റ്റ് (2018 പ്രവേശന ബാച്ച് വിദ്യാർത്ഥികൾക്ക്) എന്നിവ ഓൺലൈനായി നടത്തുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III. സെക്ഷൻ 10(17) പ്രകാരം അനുമതി നൽകി ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി /പി.വി.സി. യുടെ പി.എസുമാർ
2. രജിസ്ട്രാർ / പരീക്ഷ കൺട്രോളറുടെ പി.എ മാർ
3. കൺവീനർ (എം.എച്ച്.ആർ.എം.,വിദഗ്ധ സമിതി)
4. പ്രിൻസിപ്പാൾ,ബന്ധപ്പെട്ട കോളേജുകൾ (ഫാക്കൽറ്റി ഗൈഡുകൾക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതിന് )
5. ജെ.ആർ/ ഡി.ആർ /എ.ആർ(പരീക്ഷ/അക്കാഡമിക്)
6. ഇ.ഐ III സെക്ഷൻ
7. ഇ.ബി 5 സെക്ഷൻ
8. എ സി സി I / II സെക്ഷനുകൾ
9. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
10. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 18046/AcAIV/3/MHRM-IV Sem-Project-offline/2020 Approved by ASSISTANT REGISTRAR II (ACADEMIC) on 22-Jul-2020 05:10 PM - Page 2